# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** | പ്രധാനവാർത്തകൾ | **DATE:09.03.2025**

1. പാർലമെൻററ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും.

2. ഗോത്രജനതയുടെ ഉന്നതി ഉറപ്പാക്കേണ്ടത് പൊതുസമൂഹത്തിൻറെ ഉത്തരവാദിത്തമാണെന്ന് ഗവർണർ രാജേന്ദ്ര അർലേക്കർ.

3. CPI(M) സംസ്ഥാന സെക്രട്ടറിയായി എം വി ഗോവിന്ദനെ വീണ്ടും തെരഞ്ഞെടുത്തു.

4. ശബരിമലയിൽ മീനമാസ പൂജയ്ക്കായി നട തുറക്കുമ്പോൾ ഭക്തർക്ക് കൂടുതൽ സൗകര്യമൊരുക്കുന്ന പുതിയ ദർശന പരിഷ്കാരം നടപ്പിലാക്കുമെന്ന് ദേവസ്വം ബോർഡ്.

5. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഫൈനലിൽ ന്യൂസിലാൻഡിനെതിരെ ഇന്ത്യക്ക് 252 റൺസ് വിജയലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

**പാർലമെന്റ്**

പാർലമെൻററ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും. ഏപ്രിൽ 4 വരെ നീണ്ടുനിൽക്കുന്ന സമ്മേളനത്തിൻറെ രരണ്ടാം ഘട്ടത്തിൽ 20 സിറ്റിങ്ങുകൾ ഉണ്ടാകും. 2025-26 ലെ ധന വിനിയോഗ ബില്ല് സംബന്ധിച്ച് ചർച്ചയും വോട്ടെടുപ്പും നടക്കും. കൂടാതെ, ബാങ്കിംഗ് നിയമ ഭേദഗതി ബിൽ, കോസ്റ്റൽ ഷിപ്പിംഗ് ബിൽ,

റെയിൽവേ ഭേദഗതി ബിൽ എന്നിവയുൾപ്പെടെ നിരവധി നിയമനിർമ്മാണങ്ങൾ പാർലമെൻറ് പരിഗണിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$

**പി എം-മൗറീഷ്യസ് സന്ദർശനം**

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിനായി ചൊവ്വാഴ്ച പുറപ്പെടും. മൗറീഷ്യസിൻറെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പ്രധാനമന്ത്രി പങ്കെടുക്കും. മൗറീഷ്യസ് പ്രസിഡൻറ് ധരംബീർ ഗോഖൂളിനെ സന്ദർശിക്കുകയും പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ചർച്ച നടത്തുകയും ചെയ്യും. 2015 ന് ശേഷം ശ്രീ മോദിയുടെ ആദ്യ മൗറീഷ്യസ് സന്ദർശനമാണിത്.

$$$$$$$$$$$$$$$$$$$$$$$$$$$

**കാലിഫോർണിയ**

കാലിഫോർണിയയിലെ ചിനോ ഹിൽസിലെ ഹിന്ദു ക്ഷേത്രത്തിൽ നടന്ന ആക്രമണത്തെ അപലപിച്ച് കേന്ദ്ര സർക്കാർ. ഇതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടിയെടുക്കാനും ആരാധനാലയങ്ങൾക്ക് മതിയായ സുരക്ഷ ഉറപ്പാക്കാനും നിർദേശം നൽകിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$

**ഗവർണർ- ഗോത്രപർവ്വം**

ഗോത്ര വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരിക എന്നത് നമ്മുടെ ഉത്തരവാദിത്തമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ. വിവിധ ഗോത്ര സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ വയനാട് കൽപ്പറ്റയിൽ സംഘടിപ്പിച്ച ഗോത്രപർവ്വം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗോത്ര ജനത അനുഭവിക്കുന്ന

പിന്നാക്കാവസ്ഥ തുടച്ചുനീക്കുന്നതിനുള്ള സ്ഥായിയായ പരിശ്രമത്തിന് തുടക്കം കുറിച്ചാണ് ഗോത്രപർവ്വം പരിപാടി സംഘടിപ്പിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>സിപിഐഎം- സംസ്ഥാന സെക്രട്ടറി</u>

സിപിഐഎം സംസ്ഥാന സെക്രട്ടറിയായി MV ഗോവിന്ദനെ വീണ്ടും തെരഞ്ഞെടുത്തു. പിണറായി വിജയൻ, ഇപി ജയരാജൻ, ടിഎം തോമസ് ഐസക്ക്, കെകെ ശൈലജ, ടിപി രാമകൃഷ്ണൻ, കെഎൻ ബാലഗോപാൽ, പി രാജീവ്, സിഎസ് സുജാത എന്നിവരുൾപ്പെടയുള്ള 89 അംഗ കമ്മിറ്റിയേയും 17 അംഗ സെക്രട്ടറിയറ്റിനെയും കൊല്ലത്തു നടന്ന സംസ്ഥാന സമ്മേളനം ഐക്യകണ്ഠേന തെരെഞ്ഞെടുത്തു.17 പേർ പുതുമുഖങ്ങളാണ്. സംസ്ഥാന കമ്മിറ്റിയിൽ യുവജനങ്ങൾക്കും വനിതകൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്.
സമ്മേളനത്തിൻറെ ഭാഗമായി ഉച്ചയ്ക്കുശേഷം റെഡ് വോളണ്ടിയർ മാർച്ചും റാലിയും നടന്നു. സമ്മേളനത്തിന് സമാപനം കുറിച്ചുകൊണ്ടുള്ള പൊതുസമ്മേളനം ആശ്രാമം മൈതാനത്ത് പുരോഗമിക്കുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>എം.വി. ഗോവിന്ദൻ- വാർത്താ സമ്മേളനം **-INTRO**</u>

<u>*പുതുവെല്ലുവിളികൾ ഒറ്റക്കെട്ടായി നേരിടാൻ പാർട്ടിയെ സജ്ജമാക്കുകയെന്ന ചുമതലയാണ് സംസ്ഥാനസമ്മേളനത്തിലൂടെ പാർട്ടി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് എം.വി. ഗോവിന്ദൻ. സി പി (ഐ ) എം സംസ്ഥാന സെക്രട്ടറിയായി വീണ്ടും തെരെഞ്ഞെടുക്കപ്പെട്ട ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.*</u>

<u>*(വോയിസ്)*</u>

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>റവന്യൂ മന്ത്രി - എഡിഎം - വി ഡി സതീശൻ</u>

എഡിഎം, കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് ആവശ്യമെങ്കിൽ

RNUTVPM

പൊലീസിന് കൈമാറുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. കോടതിയുടെ പരിഗണനയിലുള്ള വിഷയത്തിൽ റിപ്പോർട്ട് സംബന്ധിച്ച് കൂടുതൽ പ്രതികരണത്തിലേക്കില്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, എഡിഎമിന്റെ മരണത്തിനു പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ ആരോപിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$

<u>വി.മുരളീധരൻ</u>

പ്രകൃതി വിഭവങ്ങളെ രാജ്യപുരോഗതിക്കായി പ്രയോജനപ്പെടുത്താനാകണമെന്ന് മുൻ കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ തിരുവനന്തപുരത്ത് എൻഎസ്എസ് സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിസ്ഥിതി സൗഹൃദവികസനം പുതിയ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഹരിതഊർജം പ്രോൽസാഹിപ്പിക്കണമെങ്കിൽ ധാതുക്കളുടെ ലഭ്യത ഉറപ്പാക്കണമെന്നും ശ്രീ മുരളീധരൻ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$

<u>കാട്ടുപന്നി ആക്രമണം -ടാസ്ക് ഫോഴ്സ്</u>

കണ്ണൂർ വള്ള്യായിൽ കാട്ടുപന്നികളെ പിടികൂടുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. കാട്ടുപന്നിയുടെ ആക്രമണത്തിൽ കർഷകൻ മരിച്ച പശ്ചാത്തലത്തിൽ മന്ത്രി എ കെ ശശീന്ദ്രന്റെ നിർദേശ പ്രകാരമാണ് നടപടി. ഇന്ന് രാവിലെ മുതൽ പ്രദേശത്ത് തിരച്ചിൽ ആരംഭിച്ചു. അംഗീകൃത ഷൂട്ടർമാരുടെ സഹായത്തോടെയാണ് തിരച്ചിൽ. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്നും ടാസ്ക് ഫോഴ്സിന്റെ നിർദേശങ്ങളോട് കർഷകർ സഹകരിക്കണമെന്നും കെ പി മോഹനൻ എംഎൽഎ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$

<u>ലഹരി വസ്തു വിഴുങ്ങി</u>

കോഴിക്കോട് ലഹരി വസ്തു വിഴുങ്ങി ആൾ മരിച്ച സംഭവത്തിൽ അമിത അളവിൽ ശരീരത്തിൽ ലഹരി എത്തിയതാണ് മരണകാരണമെന്ന് പോസ്റ്റ്മോർട്ടത്തിൽ വ്യക്തമായതായി അന്വേഷണ ഉദ്യോഗസ്ഥർ

RNUTVPM

പറഞ്ഞു. കഞ്ചാവും എംഡിഎം എ യെ ന്ന് സംശയിക്കുന്ന രാസവസ്തു അടങ്ങിയ കവറും ഇയാളുടെ ശരീരത്തിലുണ്ടായിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ പരിശോധന നടക്കേണ്ടതുണ്ടെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. അമ്പായത്തോട് സ്വദേശി ഷാനിദിൻ്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കി ബന്ധുക്കൾക്ക് വിട്ടു കൊടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

$$$$$$$$$$$$$$$$$$$$$$$$$$$

<u>ഐ സി സി ചാമ്പ്യൻസ് ട്രോഫി</u>

ഐ സി സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഫൈനലിൽ ന്യൂസിലാൻഡിനെതിരെ ഇന്ത്യക്ക് 252 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ന്യൂസിലാൻഡ് നിശ്ചിത 50 ഓവറിൽ 7 വിക്കറ്റിന് 251 റൺസെടുത്തു. ഡാരി മിച്ചലും മിച്ചൽ ബ്രേസ് വെലും അർധ സെഞ്ചുറി നേടി. ഇന്ത്യക്കായി വരുൺ ചക്രവർത്തി, കുൽദീപ് യാദവ് എന്നിവർ രണ്ട് വിക്കറ്റ് വീതം സ്വന്തമാക്കി.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$

**<u>ഐഎസ്എൽ</u>**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ്സി-ജംഷഡ്പൂർ എഫ്സിയെ നേരിടും. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7:30 ന് ആണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$

<u>അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ</u>

അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡൻറ് ആയി മലപ്പുറം സ്വദേശി ഡോ. അൻവർ അമീൻ ചേലാട്ട് രണ്ടാം തവണയും തിരഞ്ഞെടുക്കപ്പെട്ടു.ഗോവയിൽ നടന്ന സ്പെഷ്യൽ ജനറൽ ബോഡി മീറ്റിങ്ങിലാണ് തീരുമാനം. നിലവിൽ കേരള സ്റ്റേറ്റ് അത്‌ലറ്റിക് അസോസിയേഷൻറെ പ്രസിഡൻറ് ആണ് അദ്ദേഹം.

$$$$$$$$$$$$$$$$$$$$$$$$$$$

<u>ഇൻട്രോ-കോഴിക്കോട്</u>

*<u>കോഴിക്കോട് ജില്ലയിലെ മലയോര മേഖലയിലെ കാർഷിക വിളകളേയും വളർത്തുമൃഗങ്ങളേയും വന്യജീവികളുടെ ആക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി പുതിയ സംവിധാനം. വനാതിർത്തിയിൽ സൗരോരോർജ്ജ തൂക്കുവേലിയൊരുക്കി കൊണ്ടാണ് ജനങ്ങളുടെ സൈ്വര്യ ജീവിതം ഉറപ്പുവരുത്താൻ ഒരുങ്ങുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു . (ഹോൾഡ് വോയിസ്)</u>*

$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

<u>ശബരിമല</u>

ശബരിമലയിൽ മീനമാസ പൂജയ്ക്കായി വെള്ളിയാഴ്ച നട തുറക്കുമ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ പുതിയ ദർശന പരിഷ്കാരം നടപ്പിലാക്കുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചു. കൊടിമരത്തിന്റെ ഇരുവശത്തു കൂടി ഭക്തരെ കടത്തിവിട്ട് ബലിക്കൽപുര വഴിയാകും പുതിയ ദർശന വഴി. തീർഥാടകർക്ക് ദർശനസമയം കൂടുതൽ ലഭിക്കാൻ ഇത് അവസരമൊരുക്കും.

$$$$$$$$$$$$$$$$$$$$$$$$$$$

<u>സൈബർ സുരക്ഷാ ബോധവത്കരണ സെമിനാർ</u>

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലെ വനിതാ ജീവനക്കാർക്കായി സൈബർ

സുരക്ഷാ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ച് ഐ.ടി. മിഷൻ. ബെവ്കോ എം.ഡി. ഹർഷിത അട്ടല്ലൂരി സെമിനാർ ഉദ്ഘാടനം ചെയ്തു. സമകാലിക സമൂഹത്തിൽ വനിതകൾ സൈബർ സുരക്ഷയെക്കുറിച്ച് ബോധവതികളാകേണ്ടതിന്റെ ആവശ്യകത അവർ ചൂണ്ടിക്കാട്ടി. ഐ.ടി. മിഷൻ പദ്ധതിയായ സെർട്ട് - കെയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$

<u>ഫ്ലോട്ടിങ് വീട് - കുട്ടനാട് (ഇൻട്രോ)</u>

വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷണമൊരുക്കാൻ കെൽപ്പുള്ള കുട്ടനാട്ടിലെ ആദ്യ ഫ്ലോട്ടിങ് വീടിന്റെ നിർമാണം പൂർത്തിയാകുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.......**

(!$$$$$$$$$$$$$$$$$$$$$$$$$$$

<u>പുലി ആക്രമണം</u>

മലപ്പുറം മമ്പാട് പുലിയുടെ ആക്രമണത്തിൽ ഓരാൾക്ക് പരിക്ക്. നടുവക്കാട് സ്വദേശി മുഹമ്മദാലിക്കാണ് പരിക്കേറ്റത്. ബൈക്കിൽ യാത്ര ചെയ്യുന്നതിനിടെയാണ് ആക്രമണമുണ്ടായത്. പരിക്ക് ഗുരുതരമല്ല. കഴിഞ്ഞ ദിവസം ജനവാസ മേഖലയിൽ പുലിയെ കണ്ട വിവരത്തെ തുടർന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് പരിശോധന നടത്തിയിരുന്നെങ്കിലും കണ്ടെത്താനായിരുന്നില്ല.

$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$

$$$$$$$$$

PNU TVPM